# Tech Pulse



2019-20 അദ്ധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ് കൈറ്റ് അംഗങ്ങൾ തയാറാക്കിയ Tech Pulse Digital മാഗസിൻ ഏറെറ വ്യത്യസ്തത ൾ നിറഞ്ഞതാണ്.#കൈ"റെ◌്

ലലാ ത്തിറെ% ദൃശ്യാനുഭവം പ രുന്ന ഈ ഡിജിറ്റൽ മാഗസിൻ തയാരാക്കിയ #നമ്മുറെ സ്കൂളിറെല ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഏറെറ അഭിനന്ദനം അർ"◌ിക്കുന്നു . ലിറ്റിൽ കൈറ്റ്സ് എന്ന #സംഘം വളറെര വിജയ രമായി നമ്മുറെ സ്കൂളിൽ പ്രവർത്തിക്കുന്നു . ഈ വ്യത്യസ്ത സംരംഭത്തിനും ഇതിനു പിന്നിൽ

പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിനും

എറെ% എല്ലാ ആശംസ ളും ലനരുന്നു.




Thankzzz god



# നന്ദി

എല്ലാറ്റിനുമുപരിയായി ഞങ്ങളെ ഈയൊരു മേഖലയിലേക്ക് നയിക്കാൻ കാരണമായ പരമകാരുണ്യവാനായ **ഈശ്വരനോടുള്ള** നന്ദി ഞങ്ങൾ ആദ്യമയി പറയുന്നു.

ഈ സംരഭത്തിന് ഞങ്ങളെ പ്രോത്സാഹിപ്പിച്ച **സ്കൂൾമാനേജ്മെൻറിനും ഹെഡ്മിസ്ട്രസ്സിനും** ഞങ്ങളുടെ അകമഴിഞ്ഞ നന്ദിരേഖപ്പെടുത്തുന്നു.

ഈ മാഗസിൻ രൂപപ്പെടുത്താൻ എല്ലാ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി ഞങ്ങളെ സഹായിച്ച **സി.റെജിയ്ക്കും, മിസ്സിസ്. അബിന ടീച്ചറിനും** ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

പിന്നെ മറ്റു **ടീച്ചേഴ്സ്, ക്ലാസ്മേറ്റ്സ്, കൂട്ടുകാർ** എന്നിവർക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

ഈ മാഗസിനിലെ വീഡിയോ എഡിറ്റിങ്ങിനും എഫക്റ്റ്സ് മിക്സിങ്ങിനും ഞങ്ങളെ സഹായിച്ച ഞങ്ങളുടെ കൂട്ടുകാരൻ **ശ്രീലേഷിനും** നന്ദി രേഖപ്പെടുത്തുന്നു.

സെൻറ് സെബാസ്റ്റ്യൻസ് സ്കൂൾ

വിദ്യാർത്ഥികൾ

# എൻ്റെ നാട്

മണ്ണിൻ മണമുള്ള നാട്

എൻ്റെ കേരകേധാര നാട്

വള്ളംകളികളാൽ ഓളം തുടിക്കുന്ന
കായലോരങ്ങളുടെ നാട്......

പൂക്കളം നിറയുന്ന ഓർ- മ്മകളെ പുൽകുന്ന

മാവേലി തമ്പുരാൻ്റെ നാട്......

നാനാമതങ്ങളും ഒന്നെന്ന് ചൊല്ലുന്ന നന്മ
മനസ്സിൻ്റെ നാട്......

എൻ്റെ കേരളമണ്ണിൻ്റെ

നാട്..........



# Tsunami in Kerala

***Although there are reports of some tsunamis in the past generated by earthquakes in the Andaman-Sumatra region (e.g., Ortiz and Bilham 2003), there is no documented evidence of any such events affecting the Kerala coast.***

***By:Athul***



# Flood 2K18

Kerala experienced an abnormally high rainfall from 1 June2018 to 19 August 2018. This resulted in severe flooding in 13 out of 14 districts in the State. As per IMD data, Kerala received 2346.6 mm of rainfall from 1 June 2018 to 19 August 2018 in contrast to an expected 1649.5 mm of rainfall


By: Jeril



# കാട്ടു പൂവ്

ചിതറിത്തെറിക്കുന്ന ചിന്തകളിൻ
എപ്പോഴും
നിൻെറയി പുഞ്ചിരിയൊന്നു മാത്രം
മഴവില്ലു പോലെ നീ മനസ്സിൻ
തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളു
കൃഷ്ണ തുളസി കതിർത്തുമ്പു
മോഹിക്കും
നിൻെറയി വാർമുടിച്ചുരുളിലെത്താ
പുക്കെട്ടുക്കത്ത പൂവായ ഞാനും
മോഹിച്ചിട്ടുന്നു നിന്നരികിലെത്താ

വിനോദ് പൂവക്കോ




***Right to Equality***
***Right to Freedom***
***Right against Exploitation***
***Cultural and Educational Rights***
***Right to Freedom in religion***
***Right to Constitutional Remedies***

***BY:ABID***



# Fundamental DUTIES OF INDIAN CITIZEN

Presentation 1

www.free-power-point-templates.com

- ***Abide by the Constitution and respect national flag & National Anthem.***
- ***Follow ideals of the freedom struggle.***
- ***Protect sovereignty & integrity of India.***
- ***Defend the country and render national services when called upon.***
- ***Sprit of common brotherhood.***
- ***Preserve composite culture.***
- ***Preserve natural environment.***

***BY:MUBEEN***

# Directive Principles
# Of
# State Policy

## ***Socialist Principles**

## ***Gandhian Principles**

## ***Liberal Principles**

**BY:SHAMIN**



## helmets under Section 129 of the Motor Vehicles Act

******It is compulsory for two-wheeler riders to wear safety helmets under Section 129 of the Motor Vehicles Act, 1988. The rule also says that a helmet should have a thickness of 20-25 mm, with quality foam. It should also have an ISI mark and follow the Bureau of Indian Standards.***

**BY:ANANDU**




The Kerala government earlier announced its decision to ban the manufacture, sale and storage of plastic products across the state effective from January 1, 2020. ...Plastic manufacturers, wholesalers and small sellers who are found violating the law can be fined Rs 10,000 for their first offence.

BY:ANAND



"An eye for eye only ends up making the whole world blind."

"Happiness is when what you think, what you say, and what you do are in harmony."
"Where there is love there is life."
"In a gentle way, you can shake the world."
"The weak can never forgive. Forgiveness is the attribute of the strong."
"Hate the sin, love the sinner."
"The future depends on what we do in the present."
"Action expresses priorities." BY:AFRIN

# ലിറ്റിൽ കൈറ്റ്സ്

ഞങ്ങൾക്ക് ഐ.റ്റി മേഖലയിൽ കൂടുതൽ അറിവുകൾ ലഭിച്ചത് ലിറ്റിൽ കൈറ്റ്സിലൂടെയാണ്. ലിറ്റിൽ കൈറ്റ്സ് എന്നത് ഒരു ചെറിയ ക്ലാസാനെന്ന് വിചാരിച്ച ഞങ്ങൾ ഒരു വലിയ വിജയത്തിലേക്കാണെന്ന് അറിയുന്നത് പിന്നെയാണ്. ഞങ്ങൾക്ക് ഐ.റ്റി മേഖലയിലെ മലയാലം ടൈപ്പിംഗ് , സ്ക്റാച്ച് , അനിമേഷൻ എന്നതിലൊക്കെ ഒരു സഹായിയായിട്ട് ലിറ്റിൽ കൈറ്റ്സ് നിന്നിരുന്നു. ഞങ്ങളുടെ കൂടെ ലിറ്റിൽ കൈറ്റ്സിൽ നിന്നിരുന്നത് സിസ്റ്റർ റെജിയും അഭിന ടീച്ചറുമാണ്. ഞങ്ങൾക്ക് ഇടയ്ക്ക് ഒരു ദിവസത്തെ ക്ലാസുകൾ ഞങ്ങളുടെ പ്റിയപ്പെട്ട ലിറ്റിൽ കൈറ്റ്സ് ടീച്ചേർസ് നൽകാറുണ്ട്. ഈ ക്ലാസുകളിൽ ഞങ്ങളെ പഠിപ്പിക്കുന്നത് പുറത്ത് നിന്ന് ടീച്ചർമാർ വന്നാണ്.നല്ല രസകരമായ ക്ലാസാണ് ലിറ്റിൽ കൈറ്റ്സ്. ഒരു ദിവസം മുഴുവൻ ക്ലാസ് എടുത്ത് എല്ലാ കുട്ടികളെയും സന്തോഷപ്പെടുത്തുന്നു.

**BY: Abdul Majeed**

# <u>ചാർലി ചാപ്ലിൻ</u>

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച ചലച്ചിത്ര പ്രതിഭയായ ചാർലി ചാപ്ലിൻ 1889 ഏപ്രിൽ 16 ന് ലണ്ടനിൽ ജനിച്ചു. പിതാവ് ചാൾസ് ചാപ്ലിൻ മാതാവ് ഹാരിയറ്റ് ഹിൽ. ചാൾസ് സപെൻസർ ചാപ്ലിൻ എന്നാണ് പൂർണ നാമം. മികച്ച ഹാസ്യ നടനായിരുന്നു. അളവൊക്കാത്ത അയഞ്ഞ പാന്റ്, പഴഞ്ജൻ കോട്ട്, കീറിപ്പറിഞ്ഞ വലിയ ഷൂസ്, പൊളിഞ്ഞ തൊപ്പി, മുറിമീശ, പേടിയും കുസൃതിയും നിറഞ്ഞ കണ്ണുകൾ പൊക്കം കുറഞ്ഞ ഒരു 'തെണ്ടി' യുടെ ചാപ്ലിൻ സിനിമയിലേക്ക് പ്രത്യക്ഷപ്പെട്ടത്. അദ്ദേഹം നമ്മെ വിട്ട് പിരിഞ്ഞത് 1977 ഡിസംബർ 25 ലാണ്.

*BY:AMEEN*

# NEGATIVE IMPACTS OF ULTRAVIOLET RAYS



.

Climate change
.Skin cancer
.Blindness

BY: MUHASIN

.Premature ageing
.Stunted growth of plants
.Crop failure
.Destruction in food chain



# PELE

Born on October 23, 1940, in Três Corações, Brazil, soccer legend Pelé became a superstar with his performance in the 1958 World Cup. Pelé played professionally in Brazil for two decades, winning three World Cups along the way, before joining the New York Cosmos late in his career.

BY:YAZIN



# എൻെറ വിദ്യാലയം

അറിവിൻെറ ആദ്യാക്ഷരങ്ങൾ പകർന്നെന്നെ
ഞാനാക്കി മാറ്റിയ വിദ്യാലയം
സത്യവും നീതിയും ചൊല്ലിപഠിപ്പിച്ച്
ജ്ഞാനം പകർന്നൊരെൻ വിദ്യാലയം
മാതാപിതാ ഗുരുദൈവമെന്നെന്നെ
ഓതിപ്പഠിപ്പിച്ച അധ്യാപകർ
എല്ലാമൊരോർമ്മ മനസ്സിന്നടിത്തട്ടിൽ
മായാതെ നിൽക്കുന്ന മധുരമന്ത്രം
എൻജീവിതപാതയിൽ വെളിച്ചം പകർന്ന്
എന്നിലെ നന്മയും കഴിവും കണ്ടെത്തി
സ്നേഹം പകർന്നെന്നെ പരിപൂർണ്ണയാക്കി
എന്നെ ഞാനാക്കിയ വിദ്യാലയം
ഞാനോടിക്കളിച്ചൊരാ തിരുമുറ്റവും, പിന്നെ
ചൊല്ലിപ്പഠിച്ചൊരാ പാഠങ്ങളും
ഏകട്ടെ നവജീവൻ പുതുതലമുറയ്ക്ക്
പകരട്ടെ വെളിച്ചമീ ഇരുൾഭൂമിയിൽ
നല്ല വിദ്യാലയമേ ആയിരങ്ങൾതൻ
പാദം പതിഞ്ഞനിൻ തിരുമേനിയിൽ
ഇനിയും പതിക്കട്ടെ പാദസ്പർശം നീ
ഇനിയും വളരട്ടെ ഏറെ ദൂരം!



# ***Root***

The root system of a plant constantly provides the stems and leaves with water and dissolved minerals. In order to accomplish this the roots must grow into new regions of the soil. The growth and metabolism of the plant root system is supported by the process of photosynthesis occurring in the leaves. Photosynthate from the leaves is transported via the phloem to the root system.  Root structure aids in this process. This section will review the different kinds of root systems an look at some specialized roots, as well as describe the anatomy of the roots in monocots and d

## ജലം

മണൽവാരി പുഴകളെ  വറ്റിച്ച
വറ്റിച്ച അരുവികളെ നീരുറവകളെ
മനുഷ്യാ നിൻ ഹീന പ്രവൃത്തി
മലിനമാക്കി നദികളെ
കേൾക്കുന്നു അവയുടെ ദീനരോദനം
എൻ കർണപുടങ്ങളിൽ
വനം തെളിച്ച കൃഷിഭൂമിയൊരിക്കി
കണ്ടൽക്കാടുകളെ വെട്ടി നശിപ്പിച്ച നമ്മൾ
തണ്ണീർത്തടങ്ങളെ മണ്ണിട്ടുനികത്തി-
മണിമന്ദിരങ്ങങൾ പണിതു
കാവുകൾ വെട്ടിത്തരിശാക്കി
അന്ധമാം വിശ്വാസം മാത്രം കാവുകളെന്നപേര്
ചാർത്തിക്കൊടുത്തു അന്ധരാം മനുഷ്യർ
ഒരുവൻ തൻ ആയുസ്സിൽ കുടിക്കും ഒരു കിണര് വെള്ളം
കോടാനുകോടി ജനങ്ങൾക്കിന്ന്
കുടിക്കുവാനില്ല ജലം!
ശാസ്ത്രം വളർന്നു അത്യുന്നതങ്ങളിൽ
നിർമ്മിക്കുവാൻ കഴിഞ്ഞില്ല ശാസ്ത്രത്തിനും
ഒരു മനുഷ്യനു വേണ്ടുന്ന ജലം
മർത്യാ നീ നടേണം ഓരു തരുവെങ്കിലും
ജീവിതത്തിൽ ശേഷിപ്പായ് നിലകൊള്ളുവാൻ
ജീവിക്കാം നമുക്കിന്നി പ്രകൃതിയോടിണങ്ങി
നമിക്കാം നമുക്കിന്നു പ്രകൃതിയുടെ മുമ്പിൽ.

# വിദ്യാലയം

# പ്രതിഭകളിലേലക്ക്



**റിപ്പോർട്ട്**



**നെൽകൃഷി  ചെയ്ത കർഷക അവാർഡിന് അർഹനായ ശ്രീ.കുട്ടപ്പൻ ചേട്ടന്റെ ഭവനത്തിലേക്ക് ഞങ്ങൾ 9B യിലെ കുട്ടികളും റെജി സിസ്റ്ററും വലിയ ഉത്സാഹത്തോടെയാണ് യാത്ര പുറപ്പെട്ടത്. കുട്ടപ്പൻ ചേട്ടനെ കണ്ട് അദ്ദേഹത്തോട് നെൽകൃഷിയെപ്പറ്റി ചോദിച്ചു മനസ്സിലാക്കുകയും കൃഷി സ്ഥലം സന്ദർശിക്കുകയുമായിരുന്നു ഞങ്ങളുടെ ഉദ്ദേശ്യം.**

**കുട്ടപ്പൻ ചേട്ടനും മകൻ ബിജുവും കൊച്ചുമകൻ അമലും ഞങ്ങളെ സ്നേഹപൂർവ്വം സ്വീകരിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ കാർഷികരംഗത്തേയ്ക്കിറങ്ങിയ കുട്ടപ്പൻ  ചേട്ടൻ 76-ാം വയസ്സിലും ഉന്മേഷവാനായി കാണപ്പെട്ടു.**



മുത്തച്ഛനോടൊപ്പം കൃഷികാര്യങ്ങളിൽ ഏർപ്പെടുന്ന കൊച്ചുമകൻ അമൽ മികച്ച ബാലകർഷകനുള്ള പുരസ്കാരവും നേടുകയുണ്ടായി. സ്വന്തമായി നെൽകൃഷി ചെയ്യുന്ന കുട്ടപ്പൻ ചേട്ടൻ ഞങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ശരിയായി മറുപടി നൽകി.



ജൈവകൃഷിയോടാണ് അദ്ദേഹത്തിന് കൂടുതൽ താൽപര്യം. നെൽകൃഷിക്കൊപ്പം തന്നെ വീട്ടുവളപ്പിൽ പശു വളർത്താനും കോഴിവളർത്താനും അവർ ശ്രദ്ധിക്കുന്നുണ്ട്. നെൽപാടത്തുനിന്ന് കിട്ടുന്ന പുല്ലും വൈക്കോലുമെല്ലാം പശുവളർത്തലിന് അവരെ സഹായിക്കുന്നു. വീടിന് ചുറ്റുമുള്ള സ്ഥലം ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിൽ പച്ചക്കറികൾ വച്ചുപിടിപ്പിച്ച് മനോഹരമാക്കിട്ടുണ്ട്.

കൊയ്ത്തു നടക്കുന്ന പാടത്തേയ്ക്കാണ് ഞങ്ങൾ പിന്നീട് പോയത്. വിളഞ്ഞ് പാകമായ നെല്ല് കൊയ്തുമെതിക്കുന്നത് ഞങ്ങൾക്ക് കാണാൻ സാധിച്ചത് പുതിയൊരു അനുഭവമായിരുന്നു.



ഞങ്ങളുടെ സഹപാഠിയായ അമലിൻെറ കൃഷിയോടുള്ള താത്പര്യം ഞങ്ങളെ അത്ഭുതപ്പെടുത്തി. അച്ഛൻെറയും മുത്തച്ഛൻെറയും കൂടെ കൃഷികാര്യങ്ങളിൽ അവൻ പങ്കുചേർന്നിരുന്നു. അവരുടെ പ്രോൽസാഹനവും പ്രേരണയും അമലിനെ കുട്ടികർഷകനെന്ന അവാർഡ് ആവോലി പഞ്ചായത്തുവഴി ഈ സ്കൂളിൽ നിന്നും തന്നെ കൊടുക്കുവാൻ സഹായിച്ചു. അമലിനെ ഞങ്ങളുടെ ക്ലാസിന് ലഭിച്ചതിൽ ഞങ്ങൾ കൂട്ടുകാരും ക്ലാസ് ടീച്ചറും ഏറെ സന്തോഷിക്കുന്നു.

കൃഷിയോട് ഇത്രയും താൽപര്യമുള്ള അമലിൻെറ കുടുംബത്തെ പരിചയപ്പെടാൻ സാധിച്ചതിൽ ഞങ്ങൾക്ക് വലിയ അഭിമാനവും സന്തോഷവുമുണ്ട്.



ഞങ്ങളെ ഈ സന്ദർശനത്തിന് സഹായിച്ച ക്ലാസ് ടീച്ചർ
റെജി സിസ്റ്ററിനും ഇതിനായി താൽപര്യം കാണിച്ച
ഞങ്ങളുടെ ഹെഡ്മിസ്ട്രസ് നിർമ്മൽ മരിയാ സിസ്റ്ററിനും
ഞങ്ങൾ നന്ദി പറയുന്നു.

എന്ന് 9B വിദ്യാർത്ഥികൾ.

****

# ഉപസംഹാരം

ഈയൊരു മാഗസിൻ നിർമ്മാണത്തിലൂടെ ഞങ്ങൾക്ക് എഡിറ്റിങ്ങിലും ഡിസൈനിങ്ങിനും ചെറിയൊരു അറിവ് ഞങ്ങൾക്കു ലഭിച്ചു. ഈ മാഗസിൻ നിർമ്മാണത്തിൽ മികവു പുലർത്താൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്.


.S. CENTENARY BLOCK